KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

Code No. 112

# ചില സെൽഫികൾ

പലതും മറക്കാൻ പഠിപ്പിച്ച
സ്ക്രീനുകൾ തുടച്ചു
നീക്കുന്നതിനിടയ്ക്കാണ്
അവന്റെ മെസ്സേജുകൾ
എന്റെ
ചിന്തകളെ നിറച്ചത്.

ഒപ്പം എടുത്തോ
പെരുമഴക്കാലത്ത്
നമ്മിൽ നിന്നും
വെട്ടിയെറിഞ്ഞ
ബന്ധത്തിന്റെ വേരുകളെ
വെറുതെ ചിലത്
ഓർമ്മിപ്പിക്കാൻ
ഞങ്ങമാവു നഷ്ടമായ
ചില സെൽഫികളും.

സെൽഫി നമ്പർ ഒന്ന് :

വെളിച്ചത്തിന്റെ ശവം
അടക്കം ചെയ്ത ഇരുട്ടിൽ
നഗ്നമാക്കപ്പെട്ട എടുത്തോ
ഒരു പെണ്ണുടലിനോടൊപ്പം.

Scanned by CamScanner

Code no: 112

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

സെൽഫി നമ്പർ രണ്ട് :

ബാല്യത്തിന്റെ കളിചിരികളിൽ
അവന്റെ മസ്തിഷ്കത്തിൽ
കഥകളുടെ രസച്ചരട്
കോർത്തിട്ട, മുത്തശ്ശിയുടെ
ജീവനറ്റ ശരീരത്തോടൊപ്പം.

സെൽഫി നമ്പർ മൂന്ന്:

വരണ്ട ഭൂമിയുടെ
മാറ് തുരന്ന്
ഹൃദയവും
കട്ടെടുത്തോടുന്ന
വണ്ടികൾക്കു മീതെയിരുന്ന്.

സെൽഫി നമ്പർ നാല് :

കുറച്ച് കുറച്ച്
ചോരതുപ്പിമരിച്ച
ഒരു പകലിന്റെ കൂടെ.

മതി....
എന്റെ മെമ്മറിക്ക്
ഇനിയും ഇമേജുകൾ
താങ്ങാനാവില്ല.

അല്ലെങ്കിൽ
മരണം കൊണ്ട് താഴിട്ട
എന്റെ ജീവിതത്തോടൊപ്പം
സെൽഫിയെടുത്ത് അവൻ
ലൈക്കുകൾ വാരിക്കൂട്ടും.